**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2459 17.08.2017-ലെ മറുപടി**

**പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | മാത്യൂ ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ)ദേവികുളം നിയോജകമണ്ഡലത്തിലുള്ള പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണപ്രവർത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനായി എഗ്രിമെന്റ് വയ്ക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കോൺക്രീറ്റ് ഡാമിന്റെ അസ്ഥിവാരം ഉറപ്പിക്കേണ്ട ഗുണനിലവാരമുള്ള പാറ പ്രതീക്ഷിച്ച താഴ്ച്ചയിൽ ലഭിക്കാതിരുന്നതു മൂലം കോൺക്രീറ്റ് ഡാമിന്റെ ഭാഗം കൂടുതൽ ആഴത്തിൽ പാറ പൊട്ടിച്ചുമാറ്റേണ്ട സ്ഥിതി സംജാതമാകുകയും തൻ നിമിത്തം ഡാമിന്റെ ഡിസൈൻ പുതുക്കേണ്ടതായും വന്നു. ഇതിനോടകം കരാർ കാലാവധി അവസാനിക്കുകയും ചെയ്തു. പുതുക്കിയ ഡിസൈൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | ബി) | മേൽ പറഞ്ഞ തടസ്സങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) ഇല്ലെങ്കിൽ ഡാമിന്റെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ